**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2096** **11-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ ഡെൻവ് 2 വൈറസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഡെങ്കി പനിയുടെ കൂടുതൽ അപകടകാരിയായ ഡെൻവ് 2 വൈറസ് വകഭേദം കേരളത്തിൽ കണ്ടെത്തുകയുണ്ടായോ; | (എ) | ഡെങ്കിപ്പനിയ്ക്ക് കാരണമായ വൈറസിന്റെ നാല് വകഭേദങ്ങളായ ഡെൻവ് 1, ഡെൻവ് 2, ഡെൻവ് 3, ഡെൻവ് 4 എന്നീ സീറോടൈപ്പുകൾ വർഷങ്ങളായി കേരളത്തിൽ കണ്ടു വരുന്നു. ഇതിൽ ഡെൻവ് 2 വകഭേദം താരതമ്യേന കൂടുതൽ അപകടകാരിയാണ് എന്ന് അറിയപ്പെടുന്നു. |
| (ബി) | സാധാരണ ഉണ്ടാവുന്നതിനേക്കാൾ കടുത്ത ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവയ്ക്കാവുന്ന വൈറസ് വകഭേദം ആയതിനാൽ അതീവജാഗ്രത അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിക്കുകയുണ്ടായോ; | (ബി) | അതീവ ജാഗ്രത പുലർത്തണമെന്ന പ്രത്യേക അറിയിപ്പുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടില്ല. ഡെങ്കിപ്പനിയുടെ നാലു സീറോടൈപ്പുകളിൽ ഏതെങ്കിലും ഒന്ന് മൂലം ഡെങ്കിപ്പനി ആദ്യമായി ബാധിച്ച വ്യക്തിക്ക് വീണ്ടും മറ്റു മൂന്ന് സീറോടൈപ്പുകളിൽ ഏതെങ്കിലും ഒന്ന് മൂലം ഉണ്ടാകുന്ന ഡെങ്കിപ്പനി ചിലപ്പോൾ ഡെങ്കി ഹിമൊറാജിക് സിൻഡ്രോം / ഡെങ്കിഷോക്ക്സിൻഡ്രോം ആയി മാറി ഗുരുതരമാകുവാൻ സാദ്ധ്യതയുണ്ട് എന്നത് വ്യക്തമാക്കുന്ന മാർഗ്ഗരേഖകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കൂടാതെ ഡെങ്കിപ്പനിയുടെ അംഗീകൃത ചികിത്സാ മാർഗ്ഗരേഖയും നിയന്ത്രണ മാർഗ്ഗരേഖയും ലഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖകൾ സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലകൾക്കും താഴെത്തട്ടിലും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടത്തി വരുന്നു. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ? | (സി) | അതീവ ജാഗ്രത പുലർത്തണമെന്ന പ്രത്യേക അറിയിപ്പുകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകിയിട്ടില്ല. ഡെങ്കിപ്പനിയുടെ നാലു സീറോടൈപ്പുകളിൽ ഏതെങ്കിലും ഒന്ന് മൂലം ഡെങ്കിപ്പനി ആദ്യമായി ബാധിച്ച വ്യക്തിക്ക് വീണ്ടും മറ്റു മൂന്ന് സീറോടൈപ്പുകളിൽ ഏതെങ്കിലും ഒന്ന് മൂലം ഉണ്ടാകുന്ന ഡെങ്കിപ്പനി ചിലപ്പോൾ ഡെങ്കി ഹിമൊറാജിക് സിൻഡ്രോം / |

| | | | |
|---|---|---|---|
| | | | ഡെങ്കിഷോക്ക്സിൻഡ്രോം ആയി മാറി ഗുരുതരമാകുവാൻ സാദ്ധ്യതയുണ്ട് എന്നത് വ്യക്തമാക്കുന്ന മാർഗ്ഗരേഖകൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കൂടാതെ ഡെങ്കിപ്പനിയുടെ അംഗീകൃത ചികിത്സാ മാർഗ്ഗരേഖയും നിയന്ത്രണ മാർഗ്ഗരേഖയും ലഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖകൾ സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലകൾക്കും താഴെത്തട്ടിലും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ